"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സംസ്ഥാന ട്രാൻസ്ജെന്റർ പോളിസിയുടെ ഭാഗമായി ട്രാൻസ്ജെന്റർ വ്യക്തികളുടെ സോഷ്യോ എക്കണോമിക് സർവ്വേ നടത്തിയതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തിന് നൽകാനുള്ള ബാലൻസ് തുക അനുവദിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.188/2025/SJD തീയതി,തിരുവനന്തപുരം, 07-07-2025

---

പരാമർശം:-

1. 29.09.2019-ലെ സ. ഉ. (സാധാ) നമ്പർ. 612/2019/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
2. സാമൂഹ്യനീതി ഡയറക്ടർ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിന്റെ ഡയറക്ടറുമായി 05.11.2019-ൽ ഒപ്പിട്ട ധാരണാപത്രം.
3. സാമൂഹ്യനീതി ഡയറക്ടറുടെ 18.05.2020-ലെ എസ്.ജെ.ഡി./595/2020-സി.2 നമ്പർ നടപടി ഉത്തരവ്.
4. സാമൂഹ്യനീതി ഡയറക്ടറുടെ 28.05.2024, 06.07.2024, 27.05.2024 എന്നീ തിയതികളിലെ എസ്.ജെ.ഡി./595/2020-സി.2 നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാന സാമൂഹ്യനീതിവകുപ്പ് നടപ്പിലാക്കിവരുന്ന ട്രാൻസ്ജെന്റർ പോളിസിയുടെ ഭാഗമായി സോഷ്യോ എക്കണോമിക് സർവ്വേയും ഇൻഡിവിജ്വൽ ഡവലപ്പ്മെന്റ് പ്ലാനും ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തുന്നതിനായി ട്രാൻസ്ജെന്റർ വ്യക്തികളുടെ സോഷ്യോ എക്കണോമിക് സർവ്വേ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ ചുമതലപ്പെടുത്തി നടപ്പാക്കുന്നതിനായി 19,91,000/- രൂപയുടെ ഭരണാനുമതി പരാമർശം 1- പ്രകാരം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പ്രാഥമികമായി ടി സ്ഥാപനത്തിന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം 3-പ്രകാരം റിലീസ് ചെയ്ത് നൽകിയ 11,84,645/- രൂപയ്ക്കു (ജി.എസ്.റ്റി-യും, സെസ്സും ഉൾപ്പെടെയുള്ളത്) പുറമേ ബാലൻസ് തുകയായ 11,84,645/- രൂപ ടി സ്ഥാപനത്തിന് നൽകുന്നതിന് അനുമതിനൽകുന്നതിനായി സാമൂഹ്യനീതി ഡയറക്ടർ പരാമർശം 4-പ്രകാരം പ്രപ്പോസൽ (28.05.2024-ൽ) സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായിപരിശോധിച്ചു. 2025-2026 സാമ്പത്തികവർഷം 2235-60-200-64-പ്ലാൻ ശീർഷകത്തിൽ ട്രാൻസ്ജെൻഡേഴ്സിന്റെ ക്ഷേമം എന്ന പദ്ധതിയ്ക്കായി 5,50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്ന് 11,84,645/- രൂപ

(പതിനൊന്ന് ലക്ഷത്തി എൺപത്തി നാലായിരത്തി അറുനൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) ട്രാൻസ്ജെന്റർ വ്യക്തികളുടെ സോഷ്യോ എക്കണോമിക് സർവ്വേ പദ്ധതിയുടെ ബാലൻസ് തുകയായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്ന സ്ഥാപനത്തിന് റിലീസ്ചെയ്ത് അനുവദിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് ഭരണാനുമതിനൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ & ഇ) കേരളം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (ടി വകുപ്പിന്റെ 25.11.2024-ലെ WW-WW.2/187/2024/ ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവരപൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Vipin S D
Date: 07-07-2025 17:12:54
സെക്ഷൻ ഓഫീസർ